


# മറിയം – ദൈവത്തോടൊപ്പം സഞ്ചരിച്ചവൾ

(സംഖ്യ 22:20 – 35, കൊളോ. 4:2 – 6, ലൂക്കാ 1:26 – 38)

ബ്ര. ബിപിൻ ഈഴപറമ്പിൽ MCBS

Vol. 11, Issue: 29

ദിവ്യകാരുണ്യ ഈശോയിൽ ഏറ്റവുമധികം സ്നേഹിക്കപ്പെടുന്നവരേ,

തീരുമാനങ്ങൾക്ക് എന്നും അതിന്റേതായ പ്രാധാന്യമുണ്ട്. ചെറുപ്പം മുതൽ ഇന്ന് ഈ നിമിഷം വരെ ഒത്തിരിയേറെ തീരുമാനങ്ങൾ നമ്മൾ എടുത്തിട്ടുണ്ട്; അതിൽ പലതും പ്രാവർത്തികമാക്കുന്നതിൽ വിജയിച്ചിട്ടുമുണ്ട്. അതുകൊണ്ട് നമുക്ക് പറയാം, നമ്മൾ എടുത്തിട്ടുള്ള തീരുമാനങ്ങളുടെ ഫലമാണ് ഇന്നത്തെ നമ്മുടെ ജീവിതം. മാനവചരിത്രത്തിൽ ഇടം നേടിയിട്ടുള്ളവരുടെ ജീവിതം പരിശോധിക്കുമ്പോൾ അവരുടെയെല്ലാം ജീവിതവിജയത്തിന് അടിസ്ഥാനമായി നിൽക്കുന്നതും തീരുമാനങ്ങൾ തന്നെയാണ്. ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് ദൈവഹിതത്തോട് വിധേയപ്പെടാനുള്ള പരിശുദ്ധ കന്യകാമറിയത്തിന്റെ തീരുമാനം.

മംഗളവാർത്ത രണ്ടാം ഞായറാഴ്ചയിലേയ്ക്ക് പ്രവേശിക്കുമ്പോൾ തിരുസഭാ മാതാവ് ഇന്ന് വിചിന്തനത്തിനായി നമുക്ക് തന്നിരിക്കുന്നത് മംഗളവാർത്ത എന്ന പേരിൽ അറിയപ്പെടുന്ന 'യേശുവിന്റെ ജനന'ത്തെക്കുറിച്ചുള്ള അറിയിപ്പാണ്. ഈ വചനഭാഗം വായിച്ചുകഴിയുമ്പോൾ നമ്മുടെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്ന ചിത്രങ്ങളാണ് മംഗളവാർത്തയുമായി എത്തുന്ന ഗബ്രിയേൽ മാലാഖയുടെയും ആ വാർത്ത ശ്രവിക്കുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെയും.

സർവ്വശക്തനായ ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിച്ച് സമ്പൂർണ്ണ സമർപ്പണം നടത്തുന്ന ഒരു വ്യക്തിയുടെ ജീവിതപ്രത്യേകതകളും മംഗളവാർത്ത ശ്രവിച്ചതിനുശേഷം ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിച്ച് മറിയം എടുക്കുന്ന തീരുമാനങ്ങളുടെ പ്രത്യേകതകളുമാണ് ലൂക്കാ സുവിശേഷകൻ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

മാലാഖയിലൂടെ ദൈവം അന്വേഷിക്കുക, ദൈവിക തീരുമാനങ്ങളോടുള്ള മറിയത്തിന്റെ പ്രത്യുത്തരമാണ്. വചനഭാഗത്തിലൂടെ കടന്നുപോകുമ്പോൾ ദൈവിക തീരുമാനങ്ങളോടുള്ള മാലാഖയുടെ അന്വേഷണത്തിൽ മറിയം അൽപം ആശങ്കകൾ ഒക്കെ പ്രകടിപ്പിക്കുന്നതു കാണാമെങ്കിലും തനിക്ക് നന്മ മാത്രം വരുത്താൻ കഴിയുന്ന ദൈവത്തോട് ചേർന്നുനിൽക്കാൻ വേണ്ടി അവൾ ധീരോചിതമായി തീരുമാനമെടുക്കുന്നു. അങ്ങനെ ആ തീരുമാനം മാലാഖയെ അറിയിക്കുന്നു – "ഇതാ, കർത്താവിന്റെ ദാസി." മറിയത്തിന്റെ ഈ തീരുമാനം ബോധപൂർവ്വകവും വിവേകപൂർവ്വകവും ദൈവത്തിന്റെ ജ്ഞാനത്തിൽ നിവേശിതവുമാണ്. മറിയത്തിന്റെ തീരുമാനത്തിലൂടെ സുവിശേഷകൻ നമു

ക്കു മുമ്പിൽ എടുത്തുവയ്ക്കുക, ദൈവത്തിൽ വിശ്വസിക്കുന്ന ഒരു വ്യക്തിയുടെ രണ്ട് പ്രത്യേകതകൾ കൂടിയാണ്.

ഒന്നാമതായി, ദൈവത്തിന്റെ കയ്യിലെ ഉപകരണമാകുക എന്നതാണ് തീരുമാനത്തിന്റെ പ്രത്യേകത. തന്റെ ജീവിതത്തിലൂടെ ദൈവത്തിന്റെ വ്യക്തിത്വം സമൂഹമദ്ധ്യത്തിൽ പ്രകാശിതമാക്കുവാനും അങ്ങനെ ദൈവത്തിന്റെ കയ്യിലെ ഒരു ഉപകരണമാകുന്നതിൽ സന്തോഷിക്കുവാനുമുള്ള തീരുമാനമാണ് ഇതിലൂടെ അർത്ഥമാക്കുന്നത്.

രണ്ടാമതായി, ദൈവത്തിന് വിധേയപ്പെടൽ. അതായത്, ദൈവത്തിന്റെ ഒപ്പം നടക്കുവാനുള്ള ഒരു തീരുമാനം. ക്രിസ്ത്യാനി എന്ന നിലയിൽ നാം ഓരോരുത്തരുടെയും വിളിയും ഉത്തരവാദിത്വവുമാണ് ദൈവത്തിന്റെ ഒപ്പം നടക്കുക എന്നത്. ആ മഹനീയവിളി തിരിച്ചറിഞ്ഞ് ദൈവത്തോട് നീതി പുലർത്തണമെങ്കിൽ വചനത്തിനു വിധേയമായി ജീവിതത്തെ ക്രമപ്പെടുത്താൻ മറിയത്തെപ്പോലെ നാമും തയ്യാറാകണം. മറിയത്തിന്റെ ജീവിതം ക്രിസ്തുവിന്റെ അനുയായികളായ നമുക്ക് പറഞ്ഞുതരിക, ദൈവഹിതത്തോട് ചേർന്നുനിന്ന് എങ്ങനെ തീരുമാനങ്ങളെടുക്കാം എന്നതിന്റെ പ്രാധാന്യമാണ്.

മാലാഖയുടെ അഭിവാദനസ്വരം ശ്രവിച്ചപ്പോൾ മറിയം അസ്വസ്ഥയാകുന്നു. അതിന്റെ അർത്ഥം എന്ത് എന്ന് അവൾ ചിന്തിച്ചു. നമ്മുടെ ജീവിതത്തിലും അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ അസ്വസ്ഥതകൾ ഉണ്ടാകാറുണ്ട്. പ്രത്യേകിച്ച്, ജീവിതത്തിൽ തീരുമാനങ്ങൾ എടുക്കേണ്ട സാഹചര്യങ്ങളിൽ. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് മറിയം പഠിപ്പിക്കുന്നത്, സാഹചര്യങ്ങളെ മന സ്സിലാക്കുകയും അതിനെക്കുറിച്ച് ചിന്തിക്കുകയും ആ ചിന്തകളിൽ നിന്ന് ബോദ്ധ്യങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നതിലൂടെയാണ്. ഈ ബോദ്ധ്യത്തിൽ നിന്ന് മറിയം ചോദിക്കുന്നു: ''ഇത് എങ്ങനെ സംഭവിക്കും?'' ദൈവം അറിയിച്ച പദ്ധതികൾ എപ്രകാരം പൂർത്തിയാക്കപ്പെടും എന്നുള്ള അന്വേഷണമാണ്. ഇതിനു മറുപടിയായി മാലാഖ പറയുന്നു: ''പരിശുദ്ധാത്മാവ് നിന്റെ മേൽ വരും.''

നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ദൈവവുമായി ആലോചന നടത്തുക, ചോദിച്ചറിയുക. തീർച്ചയായും ദൈവം നമുക്ക് മറുപടി നൽകും; ഒപ്പം അടയാളവും. മറിയത്തിനു നൽകിയ അടയാളമാണ് 'വന്ധ്യ എന്നുപറഞ്ഞ ഏലീശ്വായുടെ ഗർഭധാരണം.' ഈ അടയാളത്തിലൂടെ ദൈവദൂതൻ തന്റെ സന്ദേശത്തിന്റെ ഉറപ്പാണ് മറിയത്തിന് നൽകുന്നത്. എല്ലാ കാര്യങ്ങളും സാദ്ധ്യമാക്കുന്ന ദൈവത്തിന് മറിയം തന്നെത്തന്നെ സമർപ്പിക്കുന്നു – ''ഇതാ, കർത്താവിന്റെ ദാസി.''

പുതിയനിയമത്തിൽ ദൈവഹിതം എന്തെന്ന് തിരിച്ചറിഞ്ഞ് അതിനോട് വിധേയപ്പെടുന്ന മറിയത്തിന്റെ ചിത്രമാണെങ്കിൽ, പഴയനിയമ വായനയിൽ ഇന്നു നാം വായിച്ചുകേട്ടത് – ദൈവത്തിന്റെ ഹിതം മനസ്സിലാക്കാതെ ഇസ്രായേൽ ജനത്തെ ശപിക്കുവാനായി മൊവാബ് എന്ന ചെറിയ നാട്ടുരാജ്യത്തിന്റെ രാജാവായ ബാലാക്കിന്റെ അഭ്യർത്ഥനപ്രകാരം ഇറങ്ങിത്തിരിക്കുന്ന ബാലാമിനെക്കുറിച്ചാണ്. ദൈവവുമായി ആലോചന നടത്താതെ ദൈവിക തീരുമാനം മനസ്സിലാക്കാതെ ഇറങ്ങിത്തിരിക്കുന്ന ബാലാം തന്റെ മുമ്പിൽ ഉണ്ടാകുന്ന തടസ്സങ്ങളെയും അപകടങ്ങളെയും തിരിച്ചറിയാതെ പോകുന്നു. ബാലാമിന്റെ ജീവിതം നമുക്ക് പറഞ്ഞുതരിക, ദൈവത്തിന്റെ ഹിതത്തോട് ചേർത്തുവയ്ക്കാത്ത തീരുമാനങ്ങളൊക്കെയും വിവേകശൂന്യവും അനുഗ്രഹദായകവുമല്ല എന്ന യാഥാർത്ഥ്യമാണ്. മറിയത്തിന്റെ തീരുമാനമാകട്ടെ, അനുഗ്രഹദായകവും വിവേകപൂർവ്വകവുമാണ്.

നമ്മുടെ മനസ്സിൽ ഒരു പുതിയ ചിന്തയുടെ പൊൻകിരണം സൃഷ്ടിക്കുന്ന ചിത്രമാണ് 'ദ ലൈറ്റ്സ് ഓഫ് ദ വേൾഡ്.' 1954-ൽ പ്രസിദ്ധ കലാകാരൻ ആയ ഹോൾമൺ ഹുണ്ടിന്റെ ഭാവനയിൽ ഉടലെടുത്തതാണ് ഈ ചിത്രം. വളരെ മനോഹരമായ ഒരു കൊച്ചുവീട്. മുൻഭാഗത്ത് കൈപ്പിടി ഇല്ലാത്ത ഒരു വാതിൽ അടഞ്ഞുകിടക്കുന്നു. ഒരു കൊച്ചുവിളക്കുമായി എങ്ങും നിറഞ്ഞുനിൽക്കുന്ന അന്ധകാരത്തെ തള്ളിനീക്കിക്കൊണ്ട് ഒരാൾ മുന്നോട്ട് കടന്നുവരുന്നു. എന്നിട്ട് അയാൾ കതകിൽ മുട്ടുകയാണ്. ഒന്ന് തുറന്നുകിട്ടുമോ എന്നറിയാൻ.

കത്തിച്ച ചെറുതിരിയുമായി വരുന്നത് കർത്താവാണ്. വാതിലും വീടും നമ്മുടെ ഹൃദയവും. ഓരോ വിശുദ്ധ കുർബാനയിലും പ്രകാശം പരത്തുന്ന തിരിയുമായി ക്രിസ്തു നമ്മുടെ ഹൃദയകവാടങ്ങളിലും മുട്ടുന്നുണ്ട്. പരിശുദ്ധ അമ്മയെ മാതൃകയാക്കി ദൈവിക തീരുമാനങ്ങൾക്ക് ആമ്മേൻ പറഞ്ഞുകൊണ്ട് നമ്മുടെ ഹൃദയത്തിന്റെ വാതിലുകൾ ക്രിസ്തുവിനായി നമുക്ക് തുറക്കാം. അതിനായി ഈ വിശുദ്ധ കുർബാനയിൽ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.